## <u>പതിമൂന്നാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 36** — **06..01.2014-ൽ മറുപടിയ്ക്ക്**

<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

| | **ചോദ്യം**<br>**ശ്രീ. ബാബു എം. പാലിശ്ശേരി** | | **ഉത്തരം**<br>**ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലോ ഓഫീസിന്റെ ഭാഗമായുള്ള സംവിധാനങ്ങളിലോ നിയോഗിച്ചിരുന്നഏതെല്ലാം ആളുകളെ പിന്നീട് ഒഴിവാക്കുകയുണ്ടായി; രാജി വെച്ച് പോയവർ ആരൊക്കെ; വ്യക്തമാക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നു 3 പേരെയും ഓഫീസിന്റെ ഭാഗമായ സംവിധാനത്തിൽ നിന്നു 2 പേരെയും വിടുതൽ ചെയ്തിട്ടുണ്ട്. അവരുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.<br>1. സുനിൽ കുമാർ (പേഴ്സണൽ സ്റ്റാഫ് അംഗം)<br>2. ജിക്കുമോൻ ജേക്കബ് (പേഴ്സണൽ സ്റ്റാഫ് അംഗം)<br>3. ടെന്നി ജോപ്പൻ (പേഴ്സണൽ സ്റ്റാഫ് അംഗം)<br>4. ഷാഫി മേത്തർ (സാമ്പത്തിക ഉപദേഷ്ടാവ്)<br>5. ഗിരീഷ് കുമാർ ( കാൾ സെന്റർ ജീവനക്കാരൻ) |
| (ബി) | രാജിവെച്ച് പോകുന്നതിനോ, ഒഴിവാക്കുന്നതിനോ ഇടയായ കാരണങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) | അവരവരുടെ ആവശ്യപ്രകാരമാണ് വിടുതൽ ചെയ്തത്. |
| (സി) | സരിത എസ്. നായരെയും ബിജുരാധാകൃഷ്ണനെയും ഫോണിൽ ബന്ധപ്പെട്ടതിന്റെ പേരിൽ ആരെയെല്ലാം ഒഴിവാക്കുകയുണ്ടായി; പേഴ്സണൽ സ്റ്റാഫിലുള്ള ആരുടെയെല്ലാം ഫോണുകളിൽനിന്നോ ഫോണുകളിലേക്കോ സരിത എസ്. നായരെയും ബിജുരാധാകൃഷ്ണനെയും വിളിക്കുകയുണ്ടായി; വിശദമാക്കുമോ? | (സി) | സരിത എസ്. നായരെയും ബിജുരാധാകൃഷ്ണനെയും ഫോണിൽ ബന്ധപ്പെട്ടതിന്റെ പേരിൽ ആരെയും ഒഴിവാക്കിയിട്ടില്ല.<br><br>മറ്റു വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ